നം. സി.ഇ.ഇ/5500/2017/KEAM-2018/റ്റി.എ.1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം

### പുതുതായി കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിന് വെബ്സൈറ്റിൽ സൗകര്യം ലഭ്യമാക്കി

2018-19 അദ്ധ്യയന വർഷത്തെ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി, മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള അപേക്ഷകർക്ക് മേല്പറഞ്ഞ കോഴ്സുകളിലേതെങ്കിലും അപേക്ഷയിൽ കൂട്ടിച്ചേർക്കുവാൻ താൽപര്യമുള്ള പക്ഷം അതിനുള്ള സൗകര്യം പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനോടകം ഓൺലൈൻ അപേക്ഷയുടെ ഫൈനൽ സബ്മിഷൻ നടത്തിയശേഷം അപേക്ഷാ ഫീസിന്റെ പേയ്മെന്റും പൂർത്തിയാക്കിയിട്ടുള്ളവർക്കു മാത്രമേ പുതുതായി കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനുള്ള സൗകര്യം ലഭ്യമാകൂ. കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനുള്ള സൗകര്യം ഒറ്റത്തവണ മാത്രമായിരിക്കും ലഭ്യമാകുക. എം.ബി.ബി.എസ്, ബി.ഡി.എസ്, ബി.എച്ച്.എം.എസ്, ബി.എ.എം.എസ്, ബി.എസ്.എം.എസ്, ബി.യു.എം.എസ്, അഗ്രിക്കൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ കോഴ്സുകളിൽ ഏതെങ്കിലും ആവശ്യമുള്ളവർ 'Medical & Allied' തിരഞ്ഞെടുക്കേണ്ടതാണ്. അപേക്ഷാ ഫീസ് ഒടുക്കാൻ സാധിക്കാത്ത അപേക്ഷകർക്ക് പേയ്മെന്റ് നടത്തുന്നതിനും പുതുതായി കോഴ്സുകൾ കൂട്ടിച്ചേർക്കേണ്ടവർക്ക് അതിനുമുള്ള സൗകര്യം മേൽ വെബ്സൈറ്റിൽ **2018 മാർച്ച് 3 (ശനിയാഴ്ച) വൈകുന്നേരം 5 മണി** വരെ മാത്രമായിരിക്കും ലഭ്യമാകുക. പുതുതായി കോഴ്സുകൾ കൂട്ടിച്ചേർക്കുമ്പോൾ നേരത്തേ ഒടുക്കിയിട്ടുള്ള അപേക്ഷാ ഫീസിൽ നിന്നും വ്യത്യാസം വരുന്ന പക്ഷം അധിക ഫീസ് പിന്നീട് പ്രവേശന പരീക്ഷാ കമ്മീഷണർ വെബ്സൈറ്റിലൂടെ വിജ്ഞാപനം ചെയ്യുന്ന വേളയിൽ ഓൺലൈനായി ഒടുക്കിയാൽ മതിയാകും.

മേൽ വെബ്സൈറ്റിലെ 'Candidate login' ലൂടെ ആപ്ലിക്കേഷൻ നമ്പരും പാസ്‌വേഡും നൽകി ഹോം പേജിൽ പ്രവേശിച്ച ശേഷം 'Add Courses' ക്ലിക്ക് ചെയ്ത് വെബ്സൈറ്റിലെ നിർദ്ദേശങ്ങൾ അനുസരിച്ച് ആവശ്യമുള്ള കോഴ്സുകൾ പുതുതായി കൂട്ടിച്ചേർക്കാവുന്നതാണ്. അപേക്ഷയുടെ പ്രിന്റൗട്ട് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയച്ചു കഴിഞ്ഞശേഷം വെബ്സൈറ്റിലൂടെ പുതുതായി കോഴ്സുകൾ കൂട്ടിചേർക്കുന്നവർ വീണ്ടും അപേക്ഷയുടെ പ്രിന്റൗട്ട് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയയ്ക്കാൻ പാടില്ല.

തിരുവനന്തപുരം
28.02.2018

പ്രവേശന പരീക്ഷാ കമ്മീഷണർക്കുവേണ്ടി